# ഇസ്‌ലാമിക സൗന്ദര്യശാസ്ത്രം

## ഒരു മുൻകുറി


**എൻ.പി. മുഹമ്മദ്**



*മനുഷ്യനെ സമഗ്രതയിൽദർശിക്കാനുള്ള ബോധനമാണ് ഇസ്‌ലാം. ഖുർ ആനെ അടിസ്ഥാനമാക്കി കർമ്മശാസ്ത്രവും തത്വചിന്തയും സാമൂഹ്യശാസ്ത്രവും അറബി വ്യാകരണവും യുദ്ധമുറകളെക്കുറിച്ചു ള്ള നിയമങ്ങൾ പോലും വികസിപ്പിച്ചെടുത്തപോലെ ഇസ്‌ലാമിക സൗന്ദര്യശാസ്ത്രവും കണ്ടെത്താനാവും. ഇസ്‌ലാമിക സൗന്ദര്യ ശാസ്ത്രത്തിന് ഒരു മുഖവുര.*

കല അനുഭൂതിയിൽനിന്നു സംജാതമാകുന്നു. ഈ അനുഭൂതി ബാഹ്യാർത്ഥത്തിൽ യഥാർത്ഥമല്ല. മനുഷ്യമനസ്സിൻെറ ചലനമാണത്. കലാസൃഷ്ടി ഈ മനഃചലനത്തോട് ബന്ധിതമാണ്. മനുഷ്യൻെറ സ്വപ്നങ്ങളോടും ഭാവനയോടും അവ ബന്ധപ്പെട്ടു കിടക്കുന്നു. മാനവവികാരപ്രകാശനം അങ്ങിനെയേ സാധിക്കൂ. അതുകൊണ്ടുതന്നെ അവയ്ക്ക് രണ്ടു ലോകങ്ങളുണ്ട്. ഒന്ന് അനുഭവിക്കുന്ന ലോകം. രണ്ടാമത്തെത് ഇങ്ങനെ അനുഭവിച്ചാൽ വളരെ നന്നാകുമായിരുന്നോ എന്ന ആഗ്രഹത്തിൻെറ ലോകം. മനുഷ്യർക്ക് അടിസ്ഥാനപരമായി .ഇങ്ങനെയൊരു ഭാവനയുണ്ടാകാൻ കാരണമെന്തെന്ന് അന്വേഷിച്ചാൽ അവസാനാപഗ്രഥനത്തിൽ എത്തിച്ചേരുക മനുഷ്യൻ യഥാർത്ഥത്തിൽ ഭൂമിയിലല്ല ജീവിക്കുന്നത് എന്ന അത്ഭുതകരമായ നിഗമനത്തിലാണ്. ആകാശത്തിലോ ആകാശത്തിനുമപ്പുറം സ്വർഗ്ഗലോകത്തോ ആണ് അവർ ജീവിക്കുന്നത് എന്ന ബോധത്തിലാണെത്തിച്ചേരുക. സ്വർഗ്ഗത്തിൽവെച്ച് നാന്ദികുറിച്ചതാണ് മനുഷ്യജീവിതം എന്ന ഫോസ്റ്ററിൻെറ വാദം ശ്രദ്ധേയമാണ്. മറിച്ചു പറഞ്ഞാൽ മനുഷ്യാത്മാവ് ഭൂമിയിലെ ശാശ്വതജീവിയല്ല. അവൻെറ ജീവിതപ്രയാണത്തിലെ താല്കാലികമായ താവളമാണ് ഭൂമി. അസ്തിത്വമുണ്ടെങ്കിലും ആ അസ്തിത്വം സ്ഥലകാലപരിമിതികളിൽ നിർണ്ണയിക്കാൻ കഴിയില്ല. ആത്മാവിന് അഭൗതികമായ ഒരവസ്ഥയുണ്ടെന്നു കാണുമ്പോൾ, നമ്മുടെ അനുഭൂതിയും സൗന്ദര്യപരമായ വീക്ഷണങ്ങളും ഉണ്ടാവുന്നത് വെറും ഭൗതികമായ അവസ്ഥകളിൽനിന്നല്ല എന്ന് സിദ്ധിക്കുന്നു. അഭൗതികമായ ഒരു മനുഷ്യാവസ്ഥയുടെ, മാനസികാവസ്ഥയുടെ, ആവിഷ്കരണമാണ് സാഹിത്യകലാദികൾ ഊന്നൽ കൊടുക്കുന്നത്.

സൗന്ദര്യശാസ്ത്രത്തിന് പലവിധ നിർവ്വചനങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. പൈത്തഗോറസ് മുതൽ മാർക്സ് വരെ. ഇപ്പോഴും ഇതൊരു ചർച്ചാവിഷയമാണ്. സൗന്ദര്യശാസ്ത്രം ഒരു വിജ്ഞാനശാഖയാണ്. അത് മാനുഷികമൂല്യങ്ങളുടെ അന്തഃസത്തയെ പരാമർശിക്കുന്നു. അവബോധം, ആസ്വാദനം, സാത്മീകരണം എന്നിവയോടെല്ലാം സർഗ്ഗസൃഷ്ടി ബന്ധപ്പെട്ടതാണ്. മനുഷ്യനെ സമഗ്രതയിൽ കാണുക എന്നത് ഒരു ഫിലോസഫിയും ശാസ്ത്രവുമാകുന്നതിവിടെയാണ്. മനുഷ്യനെ സമഗ്രതയിൽ ദർശിക്കാനുള്ള ബോധനമാണ് ഇസ്‌ലാം. അപ്പോഴതിനും അതിൻെറതായ സൗന്ദര്യശാസ്ത്രവും കൂടി ഉണ്ടാകണമല്ലോ. എന്നാൽ ഇസ്‌ലാമിക സൗന്ദര്യശാസ്ത്രം ഇനിയും വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് പറയുന്നത് അബദ്ധമാണ്. ഖുർആനാണ് ഇസ്‌ലാമിൻെറ അടിസ്ഥാനം. അതിനെ, അടിസ്ഥാനമാക്കി കർമ്മശാസ്ത്രവും തത്വചിന്തയും സാമൂഹ്യശാസ്ത്രവും, അറബിവ്യാകരണനിയമവും, യുദ്ധമുറകളെക്കുറിച്ചുള്ള നിയമങ്ങൾ പോലും വികസിപ്പിച്ചെടുത്തിട്ടുണ്ട്. എങ്കിൽ ഇസ്‌ലാമിക സൗന്ദര്യശാസ്ത്രവും വികസിപ്പിച്ചെടുക്കാനാവുമല്ലോ. ഇസ്‌ലാം ഒരു സമഗ്രജീവിതപദ്ധതിയാണെങ്കിൽ, അതിനും സൗന്ദര്യത്തിൻെറതായ സങ്കല്പങ്ങളും ധാരണകളും ഉണ്ടാവും. അത് ക്രോഡീകരിക്കുക എന്നതാണ് പ്രധാനം.



ഖുർആനിൽ അടിസ്ഥാനപരമായി രണ്ട് കാര്യങ്ങൾ ശ്രദ്ധേയമായി തോന്നുന്നു. വിശ്വമാനവികത എന്ന ആശയമാണ് ആദ്യത്തേത്. എല്ലാവരും സഹോദരന്മാരാണെന്ന സങ്കല്പം. രണ്ടാമത്തേത് ഭൗതികമായ ജീവിതത്തെ അംഗീകരിച്ചുകൊണ്ടുതന്നെ അതിനു ധാർമ്മികമായ ഒരു ലാവണ്യംകൂടി നല്കുകയും ചെയ്യുന്നു. അതായത് ഭൗതികജീവിതം സുഖകരമാക്കണമെന്നും, അതോടൊപ്പം ആനന്ദനിർവൃതി നല്കുന്ന ഒരദ്ധ്യാത്മിക ലോകമുണ്ട് എന്നുമുള്ള സങ്കല്പം. ഈ ദ്വൈതം പരസ്പരപൂരകങ്ങളാണ്. അവ ഭൗതികജീവിതത്തിനു സഹകരണാത്മകവും സമരാത്മകവുമായ ഫലങ്ങൾ സൃഷ്ടിക്കുന്നു. ഇത് അടിസ്ഥാനപരമായി കലയുടെയും സ്വഭാവമാണ്.

ഖുർആൻ ഒരു സാഹിത്യകൃതിയാണെന്നും അല്ലെന്നുമുള്ള അഭിപ്രായങ്ങൾ ഉണ്ട്. ഇത് ജീവിതമാണ് സാഹിത്യകൃതിയല്ല എന്ന് ഇസ്സത്ത് ബെഗോവിക്കിനെപ്പോലെയുള്ളവർ പറയുന്നു. സാഹിത്യകൃതിക്ക് അത്യന്താപേക്ഷിതമായ പ്രകരണശുദ്ധിയോ, രൂപശില്പമോ, ശില്പസമഗ്രതയോ ഖുറാനിലില്ല എന്നാണ് ബെഗോവിക്കിന്റെ വാദം. പക്ഷേ, മനസ്സിന്റെ സങ്കല്പം സജീവമായി വർത്തിക്കുന്നു. ഖുർആൻ ഒരു സാഹിത്യകൃതി കൂടിയാണ് എന്നാണെന്റെ പക്ഷം. മനസ്സിന്റെ സങ്കല്പത്തിൽ ത്രികാലങ്ങളില്ല. ആ ഒരു സമീപനം പ്രകടമായും ശക്തമായും ഖുർആനിലുണ്ട്. ചരിത്രപരമായ കാലം പറന്നുപോകുന്ന ഒരു രീതി. ഈ രീതി എന്തിനാണെന്നത് അന്വേഷണവിധേയമാക്കേണ്ടതുണ്ട്. സംഭവപ്രധാനമോ, അർത്ഥപ്രധാനമോ അല്ലാത്ത ഒരു പ്രത്യേക ആശയത്തിന്റെ കേന്ദ്രബിന്ദുവിലേക്ക് മനുഷ്യമനസ്സിനെ കൊണ്ടുവരാനുള്ള ഒരുത്തമ ഉപാധിയാണിത്. ഇങ്ങനെ ഉപയോഗിക്കുമ്പോൾ ഭാഷ ഹൃദയത്തിലേക്കു വരണം. ഹൃദയം ഹൃദയത്തോടു സംസാരിക്കുന്ന ഒരു ആവിഷ്കരണ ചാതുരി ഖുർആനിലുണ്ട് (ഹൃദയത്തിന്റെ ഭാഷ കണ്ടെത്താനുള്ള ശ്രമം). ഹൃദയത്തിന് കാലമില്ലാത്തതുപോലെ ഖുർആൻ ത്രികാലങ്ങളെ ഇല്ലാതാക്കിയിരിക്കുന്നു. അപ്പോൾ ഭാഷയും അങ്ങിനെത്തന്നെ.

ഖുർആന്റെ ശൈലീവിശേഷം ഇതിനു തെളിവാകുന്നു. ധർമ്മപ്രബോധനത്തിന്റെ സ്വഭാവം അതിനുണ്ട്. ഭാഷ ഒരാവരണംപോലെയാണ് സാഹിത്യകൃതിയിൽ. ഖുർആനിൽ ഭാഷ ആവിഷ്കരണോപാധിയല്ല. ആവിഷ്കാരമായി മാറുകയാണ്.

ഖുർആനോതുമ്പോൾ പരുഷമായ ഒരു സംഗീതാത്മകത തന്നെയുണ്ടാവും. മരുഭൂമിയിൽ നിന്നെത്തുന്ന മനോഹരവൈഖരി; പ്രത്യേകമായ താളലയം സൃഷ്ടിക്കുന്ന ശബ്ദാർത്ഥങ്ങളുടെ ആരോഹണവരോഹണക്രമം. ബിംബങ്ങളും ശിഥിലസംവിധാനഭംഗിയും ഖുർആന്റെ മറ്റു സവിശേഷതകളാണ്. ambiguity അതിന്റെ പ്രത്യേകസ്വഭാവമാണ്. അതുകൊണ്ടാണ് വ്യാഖ്യാനങ്ങൾ സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വ്യാഖ്യാനങ്ങളുടെ പരിമിതസ്വഭാവവും വിധിവിലക്കുകൾക്കു നൽകുന്ന ഊന്നലുമല്ല ഇവിടെ പരാമർശവിഷയം. ഖുർആനിൽ നിന്നു തന്നെ ഇസ്ലാമിക കലയുടെ ലക്ഷ്യവും നിർണ്ണയിക്കാവുന്നതാണ് എന്നർത്ഥം. മനുഷ്യവംശത്തെ ഒന്നായിക്കാണുക, സൽക്കർമ്മങ്ങൾ ചെയ്യുക, ഭൗതികജീവിതത്തിനുമപ്പുറം ഭൗതികാതീതമായ ഒരു സങ്കല്പമുണ്ടാവുക — ഇതൊക്കെ കലയുടെയും ലക്ഷ്യമാണ്.

ഇത്തരം സങ്കല്പങ്ങളൊന്നും കണ്ടെത്താനോ ഉപയോഗപ്പെടുത്താനോ ശ്രമങ്ങൾ നടന്നിട്ടില്ല. ഖുർആന്റെ ഇമേജറിയെ 'മുത്തശാബിഹാത്ത്' എന്ന് പറഞ്ഞു തള്ളിക്കളയുന്ന യാഥാസ്ഥിതിക ഇസ്ലാമിക പണ്ഡിതരാണ് രംഗത്തുള്ളത്. തുറന്ന മനസ്സോടെ കാര്യം കാണുമ്പോഴേ, എല്ലാ ചിന്തകളുടെയും നേരെ വാതിൽ തുറക്കുമ്പോഴേ പുതുതായൊന്ന് കണ്ടെത്താനാവൂ. സംശയമുള്ളവനേ കലാപമുണ്ടാക്കാനാവൂ. സർഗപ്രക്രിയയിലൂടെ മാത്രമേ നവോത്ഥാനവും കൈവരിക്കാനാവൂ.

'അഖ്ലീ' (ധൈഷണികം) എന്നതാണ് ഖുർആന്റെ അടിസ്ഥാനപരമായ വിഭാവന. അഖ്ലു(ധിഷണ)മായി ബന്ധപ്പെട്ടതാണ് സൗന്ദര്യശാസ്ത്രം.

മാനവലക്ഷ്യത്തെക്കുറിച്ച് രൂഢമൂലവും സുദൃഢവുമായ ബോധമുള്ള ജനവിഭാഗത്തിനും ആശയസമൂഹത്തിനും സൗന്ദര്യശാസ്ത്രം ഉണ്ടാകാതെ പറ്റില്ല. ഇസ്ലാം വിശ്വാസസമൂഹത്തിന്റെ മെഥേഡ് ആണ്. മാർക്സിസം സാമ്പത്തിക സമൂഹത്തിന്റെ മെഥേഡ് എന്നതുപോലെ. ഒരു എകണോമിക് സൊസൈറ്റി ഉണ്ടാവുമെങ്കിൽ, ഒരു 'സൊറ്റൈറ്റി ഓഫ് ഫെയ്ത്ത്' ഉണ്ടാകാം. എകണോമിക് സൊസൈറ്റി തന്നെ ഒരു സൊസൈറ്റി ഓഫ് ഫെയ്ത്തിൽ നിന്നാണ് ഉണ്ടാകുന്നത്.

കലയെ അതിന്റെ ശില്പത്തിൽ നിന്നോ ശാസ്ത്രത്തിൽ നിന്നോ വേർപെടുത്താനാവില്ല. കല അതിന്റെ പ്രത്യേകമായ അർത്ഥത്തിൽ ശില്പത്തേയും ശാസ്ത്രത്തേയും ഉൾക്കൊള്ളുന്നുണ്ട്. ശാസ്ത്രം യുക്തിഭദ്രമാണ്. ആശയസംഹിതകൾ മാത്രമല്ല, കാര്യങ്ങളെ അവയുടെ പ്രാപഞ്ചിക തത്വങ്ങളുമായി കാര്യകാരണസഹിതം ബന്ധിപ്പിക്കുന്ന ജ്ഞാനപ്രകാശംകൂടിയാണ്. മതം ലോകത്ത് വേരൂന്നിവരുന്ന നാളിൽ കലയിൽ ശ്രദ്ധ പുലർത്തിക്കൊള്ളണമെന്നില്ല. ദൃശ്യശ്രാവ്യരൂപങ്ങൾ കൊണ്ടുണ്ടാക്കുന്ന ഒരു പദ്ധതിയോ ഘടനയോ പിന്നീടാണ് രൂപാന്തരം കൊള്ളുന്നത്. ഖുർആൻ ഈ പശ്ചാത്തലത്തിൽ സൂക്ഷ്മപരിശോധയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

സംസ്കാരങ്ങൾ ഉരുത്തിരിഞ്ഞുവരുന്നത്, നൻമയും തിൻമയും തമ്മിലുള്ള സംഘർഷത്തിൽ നിന്നാണ്. ഇസ്ലാമിക സങ്കല്പവും മറിച്ചല്ല. ധർമ്മസംസ്ഥാപനം സംസ്കാരങ്ങളുടെ ഉറവിടമാണ്.

സൗന്ദര്യശാസ്ത്രത്തിനും ആദ്ധ്യാത്മികവും ഭൗതികവുമായ രണ്ട് തലങ്ങളുണ്ട്. ആദ്ധ്യാത്മിക ഭൗതിക തലങ്ങളെ സമന്വയിപ്പിക്കുന്ന ഇസ്ലാമിൽനിന്ന് സൗന്ദര്യശാസ്ത്രപരമായ ഒരു ചിന്ത രൂപപ്പെടുത്താനുള്ള സാധ്യതകൾ എമ്പാടുമുണ്ട്.

★